## കേരള നിയമസഭ

## മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2014-16)

### വിവര സാങ്കേതിക വിഭാഗത്തിനുള്ള കുറിപ്പ്

വിവര സാങ്കേതികവിദ്യാ വിഭാഗം 18-8-2015 ന് നൽകിയ അനൗദ്യോഗിക കുറിപ്പിൽ, നിയമസഭാ സമിതികൾക്ക് ഹർജി സമർപ്പിക്കുന്നതിനുള്ള നടപടിക്രമം, വിലാസം, സമിതിക്ക് ഹർജി സമർപ്പിക്കുന്നതിനു മുൻപ് ബന്ധപ്പെട്ട വകുപ്പിന് പരാതി നൽകിയിരിക്കണമെന്ന് നിർബന്ധമുണ്ടോ എന്നീ വിവരങ്ങൾ വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനായി, അവ സംബന്ധിച്ച വിശദാംശങ്ങൾ നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ വിവരങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ഹർജികൾ നിയമസഭാ സ്പീക്കർ/ സമിതി ചെയർമാൻ/ സമിതി /നിയമസഭാ സെക്രട്ടറിയെ സംബോധന ചെയ്തുവേണം സമർപ്പിക്കുവാൻ;

(2) ഹർജിയിൽ ഹർജിക്കാരന്റെ പേര് ഉൾപ്പെടെയുള്ള വ്യക്തമായ മേൽവിലാസവും ഒപ്പ് അല്ലെങ്കിൽ വിരലടയാളവും ഉണ്ടായിരിക്കണം.

(3) പരാതി പരിഹരിക്കണമെന്ന് വ്യക്തമായ അപേക്ഷയില്ലാത്തപക്ഷം നിയമസഭ / നിയമസഭാ സ്പീക്കർ / സമിതി / സമിതി ചെയർമാൻ അല്ലാത്ത മറ്റേതെങ്കിലും മേലധികാരിയെ സംബോധന ചെയ്തുകൊണ്ട് സമർപ്പിച്ച അപേക്ഷയുടെ പകർപ്പ് പരിഗണിക്കുകയില്ല.

(4) ഏതെങ്കിലും നീതിന്യായകോടതി, അന്വേഷണ കമ്മീഷൻ, ട്രിബ്യൂണലുകൾ, നീതിന്യായ സ്വഭാവമുള്ള മറ്റ് സ്ഥാപനങ്ങൾ, കമ്മീഷനുകൾ, ഓംബുഡ്സ്മാൻ, ലോകായുക്ത എന്നിവയുടെ പരിഗണനയിലുള്ള വിഷയവുമായി ബന്ധപ്പെട്ട ഹർജി പരിഗണിക്കുകയില്ല.

(5) ഹർജി സഭ്യമായ ഭാഷയിലും പദാവലിയിലും തയ്യാറാക്കിയതായിരിക്കണം.

(6) നിസ്സാരമായ വിഷയങ്ങൾ സംബന്ധിച്ചുള്ളതും ഒരു നിയമസഭാംഗത്തെയോ പാർലമെന്റംഗത്തെയോ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ളതുമായ ഹർജികൾ പരിഗണിക്കുന്നതല്ല.

(7) മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിക്ക് ഹർജി സമർപ്പിക്കുന്നതിനു മുൻപ് ബന്ധപ്പെട്ട വകുപ്പിന് പരാതി നൽകിയിരിക്കണമെന്ന വ്യവസ്ഥ നിലവിലില്ല.